


# സിനിമ

ബൈജു വി. ബാലകൃഷ്ണൻ

ഏറേ പഴകിയതാണ് 'അഗ്നിസാക്ഷി'യിലെ ഇതിവൃത്തം. പക്ഷേ, വ്യത്യസ്തമായ ഒരു കോണിൽനിന്ന് നോക്കിക്കാണുവാൻ ശ്രമിക്കുന്നുണ്ട് തിരക്കഥാകൃത്തും സംവിധായകനുമായ ശ്യാമപ്രസാദ്. സിനിമയെ മൊത്തത്തിലെടുക്കുമ്പോൾ പല അരിഷ്ടതകളും കാണാമെങ്കിലും സംവിധായകന്റെ പ്രതിഭയുടെ മിന്നലാട്ടങ്ങൾ പലയിടങ്ങളിലും ദർശിക്കാനാകും.

കഥയിലെ ഒരു പ്രധാന കഥാപാത്രമായ 'തങ്ക'ത്തിന്റെ (ശ്രീവിദ്യ) ഓർമകൾ എന്ന നിലയിലാണ് ഇതിവൃത്തം ചുരുൾ നിവരുന്നത്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള കാലഘട്ടത്തിലെ ഒരു ആഢ്യ ബ്രാഹ്മണകുടുംബം. അവിടെ ബ്രാഹ്മണന് വിധിക്കപ്പെട്ടിട്ടുള്ള ആചാരാനുഷ്ഠാനങ്ങൾ മുറതെറ്റാതെ അനുവർത്തിച്ച് പോരുന്ന 'ഉണ്ണി നമ്പൂതിരി'യാണ് സിനിമയിലെ മുഖ്യ (ആൺ) കഥാപാത്രം. "ജീവിതം ഒരു യജ്ഞമാണ്" എന്ന ഉണ്ണി നമ്പൂതിരിയുടെ വാക്കിൽനിന്നും ആ വ്യക്തിത്വം എന്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്ന് അനുമാനിക്കാം. അതെ, മാനമ്പിള്ളിയിൽ എല്ലാം അഗ്നിയിൽ ഹോമിച്ച് ശുദ്ധിചെയ്യേണ്ടിയിരിക്കുന്നു. അവിടെ ജീവിതം സ്വന്തം ഇച്ഛയ്ക്കനുസൃതമായി ജീവിച്ചുതീർക്കാനുള്ള ഒന്നല്ല. പരലോകത്തെ ഒരു സീറ്റിനു വേണ്ടിയുള്ള പ്രവേശനപ്പരീക്ഷ മാത്രമാകുന്നു. അവിടെയുള്ളവർക്ക് ഇഹലോകവാസം.

ആയിടയ്ക്കാണ് ബ്രാഹ്മചര്യം മുറപോലെ ജീവിച്ച് തീർത്ത ഉണ്ണി നമ്പൂതിരിയുടെ ജീവിതത്തിലേക്ക് 'തേതി' ദേവകിയെ അഗ്നിസാക്ഷിയായി വേളി കഴിച്ച് കൊണ്ടുവരുന്നത്. വേളി മറ്റൊന്നിനുമല്ല 'ഉണ്ണ്യമ്പൂരി'യുടെ ഗൃഹസ്ഥാശ്രമം എന്ന കടമ നിർവഹിക്കുവാൻ മാത്രം. ശേഷം – വാനപ്രസ്ഥം, സന്യാസം – മോക്ഷം. മാനമ്പിള്ളിയിലെ അന്തേവാസികളെല്ലാം പരലോകത്തെ സൗഭാഗ്യങ്ങൾക്കുവേണ്ടി ഇഹലോകസുഖങ്ങൾ തങ്ങളിൽനിന്നും തട്ടിയകറ്റിയവരാണ്.

പക്ഷേ 'തേതിക്കുട്ടി'യോ? മാനമ്പിള്ളി ഇല്ലത്തിന് നേർ വിപരീതമായ ജീവിത വീക്ഷണങ്ങളും രീതികളുമുള്ള ഒരില്ലത്ത് കളിച്ച്, വായിച്ച് വളർന്നവളാണ് അവൾ. ഇഹലോക ജീവിതം ഇവിടെത്തന്നെ ജീവിച്ചുതീർക്കണമെന്ന് മോഹമുള്ളവൾ. വിരുദ്ധ ധ്രുവങ്ങളെയാണ് വിവാഹം എന്ന ചരടിൽ കോർത്തിട്ടിരിക്കുന്നത്. മറ്റേതൊരു പെണ്ണിനെയും (മനുഷ്യനെപ്പോലെ)പോലെ ദാഹങ്ങളും മോഹങ്ങളും ഉള്ളവളാണ് 'തേതിക്കുട്ടി'യും. പക്ഷേ മനുഷ്യവികാരങ്ങൾക്ക് സ്ഥാനമില്ലാത്ത മാനമ്പിള്ളിയിൽ തന്റെ മോഹങ്ങൾക്കും ദാഹങ്ങൾക്കും സ്ഥാനമില്ലെന്ന് അവൾ മനസിലാക്കുന്നു. അവിടെ തന്റെ ഏകാശ്രയമായ 'തങ്ക'ത്തിനോട് തേതിക്കുട്ടി പറയുന്നുണ്ട്, "ഞാൻ ഒരു മനുഷ്യനെയല്ല ദേവനെയാണ് വിവാഹം ചെയ്തിരിക്കുന്നതെന്ന് തോന്നുന്നു." "ഇനിയും ഇവിടെനിന്നാൽ എനിക്കും ചെറിയമ്മയെപ്പോലെ ഭ്രാന്ത് പിടിക്കും."

യഥാർഥത്തിൽ ഉണ്ണി നമ്പൂതിരി ഒരു വികാരരഹിത നിർഗുണ പരബ്രഹ്മമൊന്നുമല്ല. പക്ഷേ ബ്രാഹ്മണന് വിധിക്കപ്പെട്ടിരിക്കുന്നതെന്ന് അയാൾ (സമൂഹം) വിശ്വസിക്കുന്ന അനുഷ്ഠാനക്രമങ്ങൾക്ക് എതിരാണെന്നതിനാൽ അവയെല്ലാം അയാളിൽ അടിച്ചമർത്തപ്പെട്ടിരിക്കുന്നു. സമൂഹത്തെ ഭയമാണയാൾക്ക്. ചെയ്യുന്നതെന്തും ആൾക്കൂട്ടത്തിന്റെ ഇംഗിതങ്ങൾക്കനുസൃതമായിരിക്കണമെന്ന് വിശ്വസിക്കുന്നു അയാൾ. ഒരുപക്ഷെ അയാളും മാറ്റങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ സമൂഹം മാറിയാലെ അയാൾ ആ മാറ്റത്തിന് തയാറുള്ളൂ. ഇല്ലത്തെ അപ്പൻ നമ്പൂതിരിയുടെ മകൾ 'തങ്കം' അച്ഛന്റെ മരണാനന്തരം ആചാരപ്രകാരം അവിടെനിന്നും പടിയിറക്കപ്പെടുമ്പോൾ പൊട്ടിക്കരയുന്നതുകണ്ട് അയാൾ അവളെ ആശ്വസിപ്പിക്കുന്നു. "നിന്നെ തൊടാൻ നീട്ടിയ കൈ സ്പർശിക്കാതെയാണ് അപ്പൻ മരിച്ചത്. അടുത്തജന്മത്തിലും അദ്ദേഹത്തിന്റെ മകളായി ജനിക്കുവാൻ പ്രാർഥിക്കുക. ജാതിയും മതവും ഒന്നുമില്ലാത്ത ഒരു ലോകത്തിൽ. അച്ഛനും മകൾക്കും പരസ്പരം തൊടാനാവുന്ന ഒരു ലോകത്തിൽ".

ഇത്തരമൊരു ചുറ്റുപാടിൽ 'തേതിക്കുട്ടി'ക്ക് ചെയ്യാവുന്നത് ഒന്നുകിൽ വിധിക്ക് കീഴടങ്ങി അകത്തളങ്ങളിൽ ഒതുങ്ങിക്കൂടുക അല്ലെങ്കിൽ അവിടം വിട്ടിറങ്ങിപ്പോരിക എന്നതാണ്. സഹോദരൻ വിപ്ലത്തിനിറങ്ങിപ്പുറപ്പെട്ട് ജയിലിലായി, ഭ്രഷ്ടനായ (കുടുംബമടക്കം)തിനാൽ അമ്മയ്ക്ക് സുഖമില്ലെന്നറിഞ്ഞപ്പോൾ തേതിക്കുട്ടിയെ മാനമ്പിള്ളിക്കാർ പറഞ്ഞയയ്ക്കാത്തതുകൊണ്ട് അവൾ എല്ലാം ഉപേക്ഷിച്ച് പോകുന്നു. അവർ പിന്നീട് ദേശസേവനത്തിലും ഒടുവിൽ സന്യാസിനിയായി ഹരിദ്വാറിലും എത്തുന്നു. ഉണ്ണി നമ്പൂതിരി എല്ലാം ഉപേക്ഷിച്ച് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് അമ്പലത്തിൽ അന്തേവാസിയാകുന്നു.

ഈ ചിത്രത്തിൽ സംവിധായകൻ ഊന്നിപ്പറയാനുദ്ദേശിക്കുന്നത് രണ്ട് കാര്യങ്ങളാണ്. ഒന്ന് വിധിയുടെ അലംഘനീയത. വിധിക്കെതിരെ പോരിനിറങ്ങിയ 'തേതിക്കുട്ടി അവസാനം വിധിയുടെ വക്താവാകുന്നുവെന്ന് ചിത്രത്തിന്റെ അവസാന ഭാഗങ്ങളിൽനിന്ന് പ്രേക്ഷകൻ മനസ്സിലാക്കുന്നു. പല വിപ്ലവകാരികളും അവസാനം ആത്മീയ മാർഗ്ഗത്തിൽ എത്തിച്ചേർന്ന സമകാലിക സംഭവങ്ങളാകാം ഇത്തരമൊരു കണ്ടെത്തലിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഭാഗിക യാഥാർത്ഥ്യം മാത്രമാണത്. ഏതൊരു വികാരത്തെയും അടിച്ചമർത്തിയാൽ (അത് ആദർശത്തിന്റെ പേരിലായാലും ഭക്തിയുടെ പേരിലായാലും) പിന്നീട് ആ വികാരത്തിന് കീഴ്പ്പെടേണ്ടിവരുന്നതായിട്ടാണ് കാണുന്നത്. ആ കീഴ്പ്പെടൽ തീവ്രവുമായിരിക്കും. ആ വികാരത്തോട് യാഥാർത്ഥ്യത്തിലുള്ള എതിർപ്പുകൊണ്ടല്ല പലരും ഇങ്ങനെ ഒരു അടിച്ചമർത്തലിന് മുതിരുന്നത്. അല്ലാതെ തിരക്കഥാകൃത്ത് വിധിക്കുന്നതുപോലെ വിധിയുടെ കളിയാട്ടമെ[ന്നു]മല്ല. തങ്ങളുടെ യാഥാർത്ഥ വികാ[ര]ങ്ങൾക്ക് ഉണ്ണിനമ്പൂതിരിമാരും തേതിക്കുട്ടിമാരും ( ഇത് ഇന്നുള്ളവർക്കും ബാധകമാണ്) ആശ്വാസമേകാൻ മടി കാണിച്ചതുകൊണ്ട് തീവ്രമായ അഭി[]നിവേശം മറ്റെന്തിനോടെങ്കിലും ഉണ്ടാ[]കേണ്ടത് അവർക്ക് ആവശ്യമായിരുന്നു. അതുകൊണ്ട് അവർ ഭക്തി[]യിലോ ദേശസേവനത്തിലോ മറ്റോ അമിതാഭിനിവേശം കാണിക്കുന്നു.

എങ്കിലും സ്നേഹമാണ് ദൈ[]മെന്ന് ഇതിനിടയിലും തിരക്കഥാ[]കൃത്ത് ചൂണ്ടിക്കാണിക്കുന്നുണ്ട്[]നല്ലത്, ഏതൊരു തത്വശാസ്ത്രത്തേ[]ക്കാളും ഭക്തിമാർഗ്ഗത്തേക്കാളും അ[]മനുഷ്യന് സാന്ത്വനമരുളും. സ്നേഹ[]എന്ന വികാരമില്ലാത്ത ഒന്നും നീണ്ട[]നിൽക്കില്ല.

അഗ്നിസാക്ഷി ഹൃദയത്തി[]സ്പർശിക്കുന്ന ഒന്നായി തീരുവ[]നുള്ള മുഖ്യകാരണം 'രജത് കപൂ[]എന്ന നടന്റെ സാന്നിധ്യമാണ്. ഉജ്ജ്വ[]ലമായിരിക്കുന്നു അദ്ദേഹത്തിന്റെ അ[]നയം. ഉണ്ണിനമ്പൂതിരിയുടെ യൗവ്വ[]കാലവും വാർധക്യകാലവും എ[]തന്മയത്വത്തോടെയാണ് കൈകാര്യ[]ചെയ്തിരിക്കുന്നത്. ഈ നടൻ കൂ[]തൽ അംഗീകരിക്കപ്പെടേണ്ടിയി[]ക്കുന്നു. 'തേതി'ക്കുട്ടിയായി അഭി[]യിച്ച ശോഭനയും മോശമാക്കിയി[]'തങ്ക'ത്തിന്റെ യൗവ്വനകാലം അഭി[]യിച്ച 'പ്രവീണ'യും വാർധക്യകാല[]അഭിനയിച്ച 'ശ്രീവിദ്യ'യും തരക്കേടി[]ഹൃദയസ്പൃക്കായ കുറെ രംഗങ്ങ[]പ്രേക്ഷകന് നൽകിയ സംവിധായക[]ചില രംഗങ്ങൾ വിരസമാക്കാന്[]ബുദ്ധിമുട്ടിയിട്ടുണ്ട്. എങ്കിലും ഇ[]പ്രേക്ഷകന്റെ ആസ്വാദനശേഷി[]ത്തന്നെ പരിഹസിച്ചുകൊണ്ട് പട[]വിടുന്ന മിമിക്രിപ്പേക്കൂത്ത് സിനിമ[]ളേക്കാൾ എന്തുകൊണ്ടും എത്രയോ[]മുന്നിലാണ് 'അഗ്നിസാക്ഷി'. ലോകോ[]ത്തര സിനിമകളുമായി താരതമ്യ[]ടുത്തി നമുക്ക് ഈ സിനിമയെ അ[]താഴ്ത്തിക്കെട്ടാതിരിക്കാം.